## പത്രക്കുറിപ്പ്

# റിസോർട്ടിലെ സ്റ്റോർ റൂമിൽ മോഷണം: പ്രതി പിടിയിൽ

# ചാരായം വാറ്റ്: രണ്ടുപേർ പിടിയിൽ

## കോവിഡ്-19 സുരക്ഷാ പരിശോധന

## വിലക്ക് ലംഘനം: 320 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം: വിഴിഞ്ഞം ചൊവ്വരയിൽ ആയൂർവേദ ബീച്ച് റിസോർട്ടിലെ സ്റ്റോർ റൂമിൽ നിന്നും ടി.വിയും ഫാനുകളും പ്ളംബിംഗ് സാധനങ്ങളും മോഷ്ടിച്ച പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കോട്ടുകാൽ വണ്ടാഴം നിന്ന വീട്ടിൽ അനി (45) യെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.


വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത അനി (45)

വിഴിഞ്ഞം ചൊവ്വരയിലെ മണൽതീരം ആയൂർവേദ റിസോർട്ടിൽ കഴിഞ്ഞ 9-ാം തീയതിയാണ് മോഷണം നടന്നത്. കോവിഡ് സാഹചര്യത്തിൽ ഗെസ്റ്റുകൾ ഇല്ലാത്തതിനാൽ റൂമുകളിൽ നിന്നും ഇളക്കി സ്റ്റോർ റൂമിൽ പൂട്ടി സൂക്ഷിച്ചിരുന്ന വില പിടിപ്പുള്ള എൽ.ഇ.ഡി ടി.വിയും രണ്ടു ഫാനുകളും പ്ളംബിംഗ് സാധനങ്ങളും, സ്റ്റോർ റൂമിൻറ ജനൽക്കമ്പി അറുത്ത് മാറ്റി അകത്ത് കടന്ന പ്രതി മോഷ്ടിച്ചെടുക്കുകയായിരുന്നു. സമീപപ്രദേശങ്ങളിലെ സി.സി.റ്റി.വി ദൃശ്യങ്ങൾ പരിശോധിച്ച് പോലീസ് നടത്തിയ

അന്വേഷണത്തിലാണ് മോഷ്ടാവ് പിടിയിലായത്. വിഴിഞ്ഞം എസ്.എച്ച്.ഒ രമേഷ്, എസ്.ഐ മാരായ രാജേഷ്, ഡിപിൻ സി.പി.ഒ മാരായ ഷൈൻരാജ്, കൃഷ്ണകുമാർ, അജികുമാർ എന്നിവരങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്സ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## ചാരായം വാറ്റ്: രണ്ടു പേർ പിടിയിൽ

തിരുവനന്തപുരം:-വീട്ടിൽ വച്ച് രഹസ്യമായി ചാരായം വാറ്റി ആവശ്യക്കാർക്ക് സ്ഥലത്തെത്തിച്ച് വിൽപ്പന നടത്തി വന്ന രണ്ടു പേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മുട്ടയ്ക്കാട് കെ.എസ് റോഡ് നിവാസികളായ റെജി (48), സാഞ്ചാസ് മോഹൻ (48) എന്നിവരെയാണ് കോവളം പോലീസ് അറസ്റ്റ് ചെയ്തത്.

കോവളം ഇൻസ്പെക്ടർ ശ്രുപേഷ് രാജിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രതികളുടെ വീട്ടിൽ നടത്തിയ റെയ്ഡിൽ വലിയ കന്നാസുകളിലും മിൽക്ക് കാനുകളിലുമായി സൂക്ഷിച്ചിരുന്ന കോടയും വാറ്റ് ഉപകരണങ്ങളും പോലീസ് പിടിച്ചെടുത്തു. കോവളം എസ്.എച്ച്.ഒ ശ്രുപേഷ് രാജ്, എസ്.ഐ ഗംഗാ പ്രസാദ്, സി.പി.ഒമാരായ ബിജേഷ്, ഷിജു, ഷൈജു, അരുൺ, ശ്രീകാന്ത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് റെയ്ഡിനും അറസ്റ്റിനും നേതൃത്വം നൽകിയത്.


കോവളം പോലീസ് അറസ്റ്റ് ചെയ്ത സാഞ്ചാസ് മോഹൻ (38), റെജി (48)

# കോവിഡ്-19 സുരക്ഷാ പരിശോധന
# വിലക്ക് ലംഘനം: 321 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- സമ്പൂർണ്ണ ലോക്ക് ഡൌൺ ദിനമായ ഇന്നലെ (20-06-2021) നാല് മണി വരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 321 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 62 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 148 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 5 പേരിൽ നിന്നുമായി 76,500/- രൂപ പിഴ ഈടാക്കി. കൂടാതെ അനാവശ്യ യാത്ര നടത്തിയ 98 വാഹനങ്ങൾക്കെതിരെയും ലോക്ക്ഡൗൺ മാനദണ്ഡങ്ങൾ പാലിക്കാത്ത 8 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 109 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
20-06-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി